# മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോയ് ദ്വിതീയൻ കാതോലിക്കാ ബാവായും അഭിവന്ദ്യ മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയും കോലഞ്ചേരിയിൽ നടത്തിവരുന്ന ഉപവാസ സമരത്തെ സംബന്ധിച്ചുള്ള പ്രസ്താവന

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ കോടതി വിധി നടപ്പിലാക്കി കിട്ടണമെന്നാവശ്യപ്പെട്ട് ജില്ലാ ഭരണാധികാരികളുടെയും കേരള സർക്കാരിന്റേയും നീതി നിഷേധത്തിനെതിരെ ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരി. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയും ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയും 2011 സെപ്റ്റംബർ 11-ാം തീയതി മുതൽ കോലഞ്ചേരിയിൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിരിക്കുകയാണ്. ഈ സഹന സമരത്തിലേക്ക് സഭയെ നയിച്ച സാഹചര്യങ്ങളും സഭ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങളും വിശദീകരിക്കാൻ ശ്രമിക്കുകയാണിവിടെ.

മലങ്കര സഭയിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന വ്യവഹാരം ഇന്ത്യയുടെ പരമോന്നത നീതിപീഠം 1995-ലെ വിധിതീർപ്പ് അനുസരിച്ച് അവസാനിപ്പിക്കുകയുണ്ടായി. ഇതനുസരിച്ച് 2002-ൽ സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് മളിമഠ് കമ്മീഷന്റെ നിരീക്ഷണത്തിൽകൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ ബഹിഷ്കരിച്ച് യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ എന്ന പേരിൽ പുതിയ സഭയും ഭരണഘടനയും ഉണ്ടാക്കി. മലങ്കര സഭയുടെ ഇടവകകളിൽ കൈയ്യേറ്റം നടത്തുകയും അനധികൃതമായി കൈവശം വയ്ക്കാൻ ശ്രമിക്കുകയാണ്. ഇത്തരത്തിലുള്ള പ്രവർത്തനം സുപ്രീം കോടതി വിധിയുടെ അന്തസത്തയ്ക്ക് എതിരും സഭയുടെ സമാധാനം തകർക്കുന്നതിനുമുള്ള നീക്കവുമായിരുന്നു. എന്നാൽ മലങ്കര സഭയുടെ ഇടവക പള്ളികൾ സംബന്ധിച്ച് സുപ്രീം കോടതി വിധിയാണ് ഇന്നും നിലവിലിരിക്കുന്നത്. നിയമപരമായി പ്രാബല്യത്തിൽ ഇരിക്കുന്നതും അതുതന്നെയാണ്. ഇതേതുടർന്ന് മലങ്കര സഭയിലെ പള്ളികളിൽ നിലനിന്നിരുന്ന കേസുകൾ കീഴ്കോടതികളിൽ വാദംകേട്ട് തീർപ്പ് കല്പിച്ച് വരുകയാണ്. കോടതിയിൽ നിന്നുണ്ടാകുന്ന ഉത്തരവുകൾ നടപ്പിലാക്കിത്തരുന്നതിന് സർക്കാരും ഭരണാധികാരികളും വിമുഖത കാട്ടുന്നു എന്നതാണ് ഇപ്പോഴുള്ള പ്രശ്നങ്ങളുടെ പ്രധാന കാരണം.

കോലഞ്ചേരി പള്ളി സംബന്ധിച്ച് എറണാകുളം ജില്ലാ കോടതിയിൽ ഒ.എസ്.43/2007 നമ്പറായി ഉണ്ടായിരുന്ന കേസാണ് കോടതി തീർപ്പാക്കിയിരിക്കുന്നത്. **ഈ കേസ് യാക്കോബായ വിഭാഗം ഫയൽ ചെയ്തതാണ്. അവരുടെ ആവശ്യങ്ങളെല്ലാം കോടതി തള്ളി സുപ്രധാനമായ വിധിയാണ് പ്രസ്താവിച്ചിരിക്കുന്നത്. വിധിയുടെ പ്രധാന കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്.**

- **1995-ലെ സുപ്രീംകോടതി വിധിയിൽ പറയുന്ന പ്രകാരം കോലഞ്ചേരി പള്ളി 1934-ലെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഭരണഘടനാ പ്രകാരം ഭരിക്കപ്പെടണം.**
- **ഈ ഇടവകയുടെ വികാരി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത നിയമിച്ച ഫാ. ജേക്കബ് കുര്യനാണ്.**
- **1934-ലെ സഭാ ഭരണഘടന അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയാണ് പള്ളിയുടെ ദൈനംദിന ഭരണം നിർവ്വഹിക്കേണ്ടത്. പള്ളിയുടെ ആദ്ധ്യാത്മികവും ഭരണപരവുമായ എല്ലാ അധികാരാവകാശങ്ങളും ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിക്കാണ്.**

**ജില്ലാകോടതി വിധിക്കെതിരെ യാക്കോബായ വിഭാഗം ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. അപ്പീൽ വാദംകേട്ട കോടതി പള്ളിയിൽ നിലവിലുണ്ടായിരുന്ന സമയക്രമീകരണം തുടരുന്നതിന് അനുകൂലമായി വിധിപറയുന്നതിന് യാതൊരു ന്യായീകരണവുമില്ല എന്ന് കണ്ടെത്തി. യാക്കോബായ വിഭാഗം ജില്ലാകോടതി വിധി സ്റ്റേ ചെയ്യണമെന്നും തൽസ്ഥിതി തുടരുന്നതിന് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചു. എന്നാൽ അവരുടെ രണ്ടാവശ്യങ്ങളും കോടതി തള്ളി.** യാക്കോബായ വിഭാഗത്തിന്റെ മറ്റൊരു പ്രധാനവാദം കക്ഷികൾക്ക് വ്യക്തിപരമായി നാശനഷ്ടങ്ങൾ

ഉണ്ടാകും എന്ന ആവശ്യത്തിന് കോടതി ഉത്തരവിൽപ്പറയുന്നത് സെക്ഷൻ 92 സി.പി.സി അനുസരിച്ച് ഫയൽ ചെയ്ത കേസിൽ വ്യക്തികൾക്ക് നഷ്ടമുണ്ടാകും എന്നുപറയുന്നതിൽ ന്യായമില്ലെന്നും കോടതി നിരീക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ ഫയൽ ചെയ്ത കേസ് ആ ഇടവകയിലെ അംഗങ്ങൾക്ക് എല്ലാവർക്കും ഒരേപോലെ ബാധകമാണ്. വിധിയനുസരിച്ച് ഇടവകയിൽ തുടരാൻ താത്പര്യമില്ലാത്തവർക്ക് പിരിഞ്ഞുപോകാമെന്നല്ലാതെ അതിന്റെ സ്വത്തുക്കളിലോ അധികാരങ്ങളിലോ യാതൊരവകാശവുമില്ല. **ആയതിനാൽ സഭയുടെ സ്വത്തുക്കൾ ഒരു കാരണവശാലും പങ്കിടുന്നതിനും വെട്ടിമുറിക്കുന്നതിനും സഭ തയ്യാറല്ല. കോടതി വിധി നടപ്പാക്കുക എന്നതുമാത്രമാണ് പ്രധാനം.**

കോടതിവിധി നടപ്പിലാക്കിത്തരികയെന്നതാണ് ഭരണഘടനയ്ക്ക് വിധേയമായ സർക്കാരിന്റേയും ഭരണഘടനാ സ്ഥാപനമായ ജില്ലാഭരണകൂടത്തിന്റേയും കടമ. എന്നാൽ സർക്കാർ നടപ്പിലാക്കിത്തരുന്നതിന് തയ്യാറല്ല എന്നുമാത്രമല്ല, കോടതിയിൽ അവസാന വിധിതീർപ്പുണ്ടായിട്ടും അവകാശികൾക്ക് പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്നും ഭരണ നിർവ്വഹണവും ആരാധനയും നടത്തുന്നതിൽ നിന്നും തടഞ്ഞ് പള്ളിയിൽ ആരാധനയ്ക്കായി വന്ന വൈദീകരേയും ഇടവകാംഗങ്ങളേയും അറസ്റ്റ് ചെയ്ത് 11.09.11 മുതൽ പള്ളിയിൽ നിരോധനാജ്ഞ പുറപ്പെടുവിച്ചിരിക്കുകയാണ്. ഇത് ജനാധിപത്യ വ്യവസ്ഥിതിയോടുള്ള വെല്ലുവിളിയും കോടതിയോടും ഇന്ത്യൻ ഭരണഘടനയോടുമുള്ള അവഹേളനവുമാണ്. പ്രതിഷേധാർഹവും അപലപനീയവുമാണ് സർക്കാരിന്റെ ഈ നടപടി. ആയതിനാൽ ഈ കോടതിവിധി കോലഞ്ചേരിപ്പള്ളിയിൽ നടപ്പിലാക്കുന്നതുവരെ അഭിവന്ദ്യ പിതാക്കന്മാർ നടത്തുന്ന ഉപവാസ സഹന സമരം തുടരുക തന്നെ ചെയ്യും.

കോലഞ്ചേരി പള്ളി സംബന്ധിച്ച് ഇത്തരത്തിൽ വ്യക്തമായ ഒരു വിധി തീർപ്പ് ഉണ്ടായ പശ്ചാത്തലത്തിൽ അത് നടപ്പിലാക്കി തരാനുള്ള ബാദ്ധ്യത ഈ നാട്ടിലെ സർക്കാരിനും ജില്ലാ ഭരണാധികാരികൾക്കുമുണ്ട്. ഈ കോടതി വിധിക്കെതിരെ നിലപാടെടുക്കുന്നത് ഗുരുതരമായ ഭരണഘടനാ പ്രശ്നമാണ്. അതുകൊണ്ട് **മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരി. ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ കോലഞ്ചേരിയിൽ നടത്തിവരുന്ന ഉപവാസ സമരം കോലഞ്ചേരി പള്ളിയിൽ നീതി കിട്ടുന്നതിനുവേണ്ടി മാത്രമല്ല. ഇന്ത്യൻ ജനാധിപത്യ സംവിധാനത്തേയും ഭരണഘടനയേയും അസ്ഥിരപ്പെടുത്തുന്ന ഭരണകൂടത്തിനെതിരേയുമാണ്.**

ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്. ഇവിടുത്തെ എല്ലാ ജന വിഭാഗങ്ങളും ജനാധിപത്യ വ്യവസ്ഥിതിയിൽ വിശ്വസിക്കുന്നവരും വിശ്വസിക്കേണ്ടവരുമാണ്. യാക്കോബായ സഭയ്ക്ക് കോടതിയിൽ വിശ്വാസമുള്ളതുകൊണ്ടായിരിക്കണമല്ലോ പള്ളി സംബന്ധിച്ചുള്ള വിഷയത്തിൽ കോടതിയെ സമീപിച്ചത്. എന്നാൽ കോടതി വിധി തങ്ങൾക്ക് എതിരാണ് എന്ന് വന്നപ്പോൾ കോടതിവിധിക്കെതിരെ തിരിയുന്നതും കോടതി വിധി അട്ടിമറിക്കാൻ ശ്രമിക്കുന്നതും രാജ്യത്ത് അരാജകത്വവും അക്രമവും അഴിച്ചുവിടുന്നതും അങ്ങേയറ്റം അപലപനീയമാണ്. അതുകൊണ്ട് ജനാധിപത്യത്തിലും കോടതിയിലും വിശ്വസിക്കുന്ന ഓർത്തഡോക്സ് സഭാ സമൂഹത്തിന് ഇതിനെതിരെ പ്രതികരിക്കാൻ ധാർമ്മികമായ അവകാശമുണ്ട് ആദ്ധ്യാത്മികമായ ബാദ്ധ്യതയുമുണ്ട്. അതാണ് ഈ സഹന സമരത്തിലൂടെ പരിശുദ്ധ സഭ മുന്നോട്ടുവയ്ക്കുന്നത്.

**മലങ്കര സഭയുടെ യോജിപ്പും സമാധാനവും സഭാംഗങ്ങളെല്ലാവരുടേയും ആഗ്രഹമാണ്. സുപ്രീം കോടതി വിഭാവനം ചെയ്ത സഭയുടെ സമ്പൂർണ്ണ സമാധാനം എന്ന ലക്ഷ്യം ഈ ഉപവാസ സമരത്തിലൂടെ സാധിക്കും എന്നും സഭ കരുതുന്നു. കോലഞ്ചേരി പള്ളിയിൽ നിന്ന് ആരേയും പുറത്താക്കാനല്ല മറിച്ച് കോടതിവിധിയിലൂടെ വ്യവസ്ഥാപിതമായി നിലവിൽവന്ന ഇടവകയുടെ ഭാഗമായിതീരുന്നതിനുള്ള സാഹചര്യമാണ് ഓരോ ഇടവകാംഗത്തിനും ഇവിടെ ഉണ്ടായിരിക്കുന്നത് എന്ന് സഭ കരുതുന്നു.**

ഉപവാസ സമരം സഭയുടെ തലവനെന്ന നിലയിൽ പരിശുദ്ധ ബാവ ഏറ്റെടുത്തിരിക്കുന്നത് ആദ്ധ്യാത്മികമായ നവീകരണത്തിനും ശക്തമായ പ്രതിരോധത്തിനും നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിനുമാണ്. ഈ പോരാട്ടം പ്രാർത്ഥനയിലൂടെ ഉപവാസത്തിലൂടെ നേടിയെടുക്കാൻ സാധിക്കും എന്നാണ് സഭ വിശ്വസിക്കുന്നത്.

പൊതുജനസമ്പർക്ക വിഭാഗം
മലങ്കര ഓർത്തഡോക്സ് സഭ